"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - വിവിധ ഉദ്ദേശ്യങ്ങൾക്കായി ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽ തുടർച്ചാനുമതിയിൽ പ്രവർത്തിച്ചു വരുന്ന വിവിധ ഓഫീസുകളിലെ 397 താല്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ മുൻകാല പ്രാബല്യത്തിൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.85/2024/RD തീയതി,തിരുവനന്തപുരം, 25-05-2024

---

പരാമർശം:-

1. സ.ഉ.(കൈ)നം.239/2020/റവ തീയതി 06.10.2020
2. സ.ഉ.(കൈ)നം.189/2021/റവ തീയതി 07.10.2021
3. സ.ഉ.(കൈ)നം.209/2022/RD തീയതി 05.09.2022
4. സ.ഉ.(കൈ)നം.214/2022/RD തീയതി 06.09.2022
5. സ.ഉ.(കൈ)നം.150/2023/ആർ.ഡി. തീയതി 28.06.2023
6. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.01.2024 ലെ LR/370/2024-LR(B6) നമ്പർ കത്തും 20.02.2024 ലെ ഇ8/10404/22 നമ്പർ കത്തും.

**ഉത്തരവ്**

തിരുവനന്തപുരം, കൊല്ലം, അമ്പലപ്പുഴ, കോട്ടയം, നെടുങ്കണ്ടം, കൊച്ചി, കണയന്നൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി എന്നീ 1 1 സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ അനുബന്ധമായി ചേർത്തിട്ടുള്ള 221 താല്കാലിക തസ്തികകള്‍ക്കും, നെടുമങ്ങാട്, നെയ്യാറ്റിൻകര, പത്തനംതിട്ട, പാല, അമ്പലവയൽ, വടകര, കാസർഗോഡ്, ആലുവ എന്നീ 8 തഹസീൽദാർ റവന്യൂ റിക്കവറി ഓഫീസുകളിലെ അനുബന്ധമായി ചേർത്തിട്ടുള്ള 1 6 7 താല്കാലിക തസ്തികകള്‍ക്കും 01.04.2023 മുതൽ 31.03.2024 വരെയും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ നൈറ്റ് വാച്ച്മാന്റെ 4 താല്ക്കാലിക തസ്തികകള്‍ക്കും റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിലെ അനുബന്ധമായി ചേർത്തിട്ടുള്ള 5 താല്ക്കാലിക തസ്തികകള്‍ക്കും 01.04.2022 മുതൽ 31.03.2024 വരെയും പരാമർശം (5) പ്രകാരം തുടർച്ചാനുമതി നൽകിയിരുന്നു.

2. സർക്കാർ, സർക്കാരിതര ധനകാര്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നതും സർക്കാർ ഖജനാവിലേയ്ക്ക് നിർണ്ണായക സംഭാവന നൽകുന്നതുമായ റവന്യൂ റിക്കവറി കാര്യക്ഷമമായി നടത്തുന്നതിനായി റവന്യൂ റിക്കവറി യൂണിറ്റുകൾ നിലനിർത്തേണ്ടത് അനിവാര്യമാണെന്നും, സർക്കാർ ഇനങ്ങളിൽ ഭീമമായ തുകകൾ പിരിക്കാൻ

അവശേഷിക്കുന്നതിനാൽ കുടിശ്ശിക ഈടാക്കുന്നതിലേയ്ക്കായി റവന്യൂ റിക്കവറി ഓഫീസുകൾക്ക് തുടർച്ചാനുമതി ലഭിക്കേണ്ടതും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നൈറ്റ് വാച്ച്മാന്റെ 4 തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്നും, കൂടാതെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് വിഭാഗം മുഖേനയാണ് സർക്കാരിന്റെ ധാരാളം ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനും ജനങ്ങളിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നത് എന്നും സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം, പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി പരമപ്രധാനമായ പ്രവർത്തനങ്ങൾ പ്രസ്തുത വിഭാഗത്തിൽ കൈകാര്യം ചെയ്ത് വരുന്നു എന്നും പരാമർശം (6) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ പരാമർശം (5) പ്രകാരം 31.03.2024 വരെ തുടർച്ചാനുമതി നൽകിയിട്ടുള്ളതും അനുബന്ധമായി ചേർത്തിട്ടുള്ളതുമായ 397 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ രണ്ട് വർഷത്തേയ്ക്ക് കൂടി തുടർച്ചാനുമതി അനുവദിക്കണമെന്ന് പരാമർശം (6) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം, കൊല്ലം, അമ്പലപ്പുഴ, കോട്ടയം, നെടുങ്കണ്ടം, കൊച്ചി, കണയന്നൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി എന്നീ 11 സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 2 2 1 താല്ക്കാലിക തസ്തികകളും, നെടുമങ്ങാട്, നെയ്യാറ്റിൻകര, പത്തനംതിട്ട, പാല, അമ്പലവയൽ, വടകര, കാസർഗോഡ്, ആലുവ എന്നീ 8 തഹസിൽദാർ റവന്യൂ റിക്കവറി ഓഫീസുകളിലെ 167 താല്ക്കാലിക തസ്തികകളും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ നൈറ്റ് വാച്ച്മാന്റെ 4 താല്ക്കാലിക തസ്തികകളും, റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിലെ അഞ്ച് താല്ക്കാലിക തസ്തികകളും ഉൾപ്പെടെ അനുബന്ധമായി ചേർത്തിട്ടുള്ള മൊത്തം 397 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ മുൻകാല പ്രാബല്യത്തിൽ ഒരു വർഷത്തേയ്ക്ക് കൂടി തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (05.04.2024 ലെ E-92128/EXP-A1/128/2015-FIN നമ്പർ റിമാർക്സ് പ്രകാരം)
പൊതുഭരണ (എസ് സി ) വകുപ്പ്( ( ഇനം . നമ്പർ. 2186 , തീയതി 24.05.2024 പ്രകാരം )
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 25-05-2024 14:51:51
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

**അനുബന്ധം**

## 397 താല്ക്കാലിക തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ

i) തിരുവനന്തപുരം, കൊല്ലം, അമ്പലപ്പുഴ, കോട്ടയം, നെടുങ്കണ്ടം, കൊച്ചി, കണയന്നൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി എന്നീ 11 സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 221 താല്ക്കാലിക തസ്തികകൾ

| | തഹസീൽദാർ | ഡെപ്യൂട്ടി തഹസീൽദാർ<br>ജൂനിയർ സൂപ്രണ്ട് | വി.ഒ. / എച്ച്.സി. / ആർ.ഐ. | സീനി. ക്ലാർക്ക് / എസ്. വി.ഒ. | ക്ലാർക്ക് / വി.എ. | ടൈപ്പിസ്റ്റ് | വി. എഫ്. എ. | ഒ. എ. | ആകെ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 1 | 2 | 6 | 3 | 3 | 2 | 2 | 2 | 21 |
| കൊല്ലം | 1 | 2 | 6 | 3 | 3 | 2 | 2 | 2 | 21 |
| അമ്പലപ്പുഴ | 1 | 2 | 3 | 6 | 3 | 2 | 0 | 2 | 19 |
| കോട്ടയം | 1 | 2 | 3 | 6 | 3 | 2 | 0 | 2 | 19 |
| നെടുങ്കണ്ടം | 1 | 2 | 3 | 6 | 3 | 2 | 0 | 2 | 19 |
| കൊച്ചി | 1 | 2 | 6 | 3 | 3 | 2 | 0 | 2 | 19 |
| കണയന്നൂർ | 1 | 2 | 6 | 3 | 3 | 2 | 3 | 2 | 22 |
| തൃശ്ശൂർ | 1 | 2 | 6 | 3 | 3 | 2 | 0 | 2 | 19 |
| പാലക്കാട് | 1 | 5 | 2 | 7 | 3 | 2 | 0 | 2 | 22 |
| കോഴിക്കോട് | 1 | 2 | 3 | 6 | 3 | 2 | 2 | 2 | 21 |
| തലശ്ശേരി | 1 | 2 | 6 | 3 | 3 | 2 | 0 | 2 | 19 |
| ആകെ | 11 | 25 | 50 | 49 | 33 | 22 | 9 | 22 | 221 |

ii) തഹസീൽദാർ ആർ. ആർ. നെടുമങ്ങാട്, തഹസീൽദാർ ആർ. ആർ. നെയ്യാറ്റിൻകര, തഹസീൽദാർ ആർ. ആർ. പത്തനംതിട്ട, ആർ. ആർ ഓഫീസ്, പാല, ആർ. ആർ. ഓഫീസ് അമ്പലവയൽ, തഹസീൽദാർ ആർ. ആർ വടകര, തഹസീൽദാർ ആർ. ആർ. കാസർഗോഡ്, തഹസീൽദാർ ആർ. ആർ. ആലുവ എന്നീ 8 റവന്യൂ റിക്കവറി ഓഫീസുകളിലെ 167 താല്കാലിക തസ്തികകൾ

| ഓഫീസിന്റെ പേര് | തസ്തിക | | | | | | | |
|---|---|---|---|---|---|---|---|---|
| | തഹസിൽദാർ | ഡെപ്യൂട്ടി തഹസിൽദാർ | സീനിയർ ക്ലാർക്ക്/ ക്ലാർക്ക് | ടൈപ്പിസ്റ്റ് | അറ്റൻഡർ | ഒ. എ. | പി. റ്റി .എസ്. | ആകെ |
| തഹസീൽദാർ (ആർ. ആർ.) നെടുമങ്ങാട് | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| തഹസീൽദാർ (ആർ. ആർ.) നെയ്യാറ്റിൻകര | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| തഹസീൽദാർ (ആർ. ആർ.) പത്തനംതിട്ട | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| ആർ.ആർ. ഓഫീസ്, പാല | 1 | 5 | 8 | 1 | 1 | 4 | – | 20 |
| ആർ. ആർ. ഓഫീസ്, അമ്പലവയൽ (വയനാട്) | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| തഹസീൽദാർ (ആർ. ആർ.) വടകര | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| തഹസീൽദാർ | 1 | 5 | 8 | 1 | 1 | 4 | 1 | 21 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ( ആർ. ആർ. ) കാസർഗോഡ് | | | | | | | | |
| തഹസീൽദാർ (ആർ. ആർ.) ആലുവ | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| ആകെ | 8 | 40 | 64 | 8 | 8 | 32 | 7 | 167 |

iii) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിലെ 5 താല്ക്കാലിക തസ്തികകൾ

| തസ്തിക | എണ്ണം |
|---|---|
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 2 |
| അറ്റൻഡർ | 1 |
| ആകെ | 5 |

iv) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ നൈറ്റ് വാച്ച്മാന്റെ 4 താല്ക്കാലിക തസ്തികകൾ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-05-2024

ഫയൽ നം. REV-T2/40/2024/REV. ഇനം നം: 2186

വിഷയം : റവന്യൂ വകുപ്പ് - വിവിധ ഉദ്ദേശ്യങ്ങൾക്കായി ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽ തുടർച്ചാനുമതിയിൽ പ്രവർത്തിച്ചു വരുന്ന വിവിധ ഓഫീസുകളിലെ 397 താൽക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

Urgent
TB
24/5

24/5/24

2186

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | REV-T2/40/2024-REV |
| 2 | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3 | വിഷയം | വിവിധ ഉദ്ദേശ്യങ്ങൾക്കായി ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽ തുടർച്ചാനുമതിയിൽ പ്രവർത്തിച്ച വരുന്ന വിവിധ ഓഫീസുകളിലെ 397 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15.05.2024 |
| 5 | (i) ഇത് സാമ്പത്തികബാദ്ധ്യതയുള്ളതാണോ ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 23/05/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/05/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23/05/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23/05/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വിവിധ ഉദ്ദേശ്യങ്ങൾക്കായി ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽ തുടർച്ചാനുമതിയിൽ പ്രവർത്തിച്ചു വരുന്ന വിവിധ ഓഫീസുകളിലെ 397 താല്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) തിരുവനന്തപുരം, കൊല്ലം, അമ്പലപ്പുഴ, കോട്ടയം, നെടുങ്കണ്ടം, കൊച്ചി, കണയന്നൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി എന്നീ 11 സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 221 താല്കാലിക തസ്തികകൾക്കും, നെടുമങ്ങാട്, നെയ്യാറ്റിൻകര, പത്തനംതിട്ട, പാല, അമ്പലവയൽ, വടകര, കാസർഗോഡ്, ആലുവ എന്നീ 8 തഹസീൽദാർ റവന്യൂ റിക്കവറി ഓഫീസുകളിലെ 167 താല്കാലിക തസ്തികകൾക്കും 01.04.2023 മുതൽ 31.03.2024 വരെയും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ നൈറ്റ് വാച്ച്മാന്റെ 4 താല്കാലിക തസ്തികകൾക്കും റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിലെ 5 താല്കാലിക തസ്തികകൾക്കും 01.04.2022 മുതൽ 31.03.2024 വരെയും 28.06.2023 ലെ സ.ഉ. (കൈ)നം.150/2023/ആർ.ഡി. പ്രകാരം തുടർച്ചാനുമതി നൽകിയിരുന്നു. തുടർച്ചാനുമതിയിൽ പ്രവർത്തിക്കുന്ന മേല്പറഞ്ഞ ഓഫീസുകളിലെ 397 താല്കാലിക തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

i) തിരുവനന്തപുരം, കൊല്ലം, അമ്പലപ്പുഴ, കോട്ടയം, നെടുങ്കണ്ടം, കൊച്ചി, കണയന്നൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി എന്നീ 11 സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 221 താല്കാലിക തസ്തികകൾ

| | തഹസീൽദാർ | ഡെപ്യൂട്ടി തഹസീൽദാർ<br>ജൂനിയർ സൂപ്രണ്ട് | വി.ഒ. / എച്ച്.സി. / ആർ.ഐ. | സീനി. ക്ലാർക്ക് / എസ്. വി.ഒ. | ക്ലാർക്ക് / വി.എ. | ടൈപ്പിസ്റ്റ് | വി. എഫ്. എ. | ഒ. എ. | ആകെ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 1 | 2 | 6 | 3 | 3 | 2 | 2 | 2 | 21 |
| കൊല്ലം | 1 | 2 | 6 | 3 | 3 | 2 | 2 | 2 | 21 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| അമ്പലപ്പുഴ | 1 | 2 | 3 | 6 | 3 | 2 | 0 | 2 | 19 |
| കോട്ടയം | 1 | 2 | 3 | 6 | 3 | 2 | 0 | 2 | 19 |
| നെടുങ്കണ്ടം | 1 | 2 | 3 | 6 | 3 | 2 | 0 | 2 | 19 |
| കൊച്ചി | 1 | 2 | 6 | 3 | 3 | 2 | 0 | 2 | 19 |
| കണയന്നൂർ | 1 | 2 | 6 | 3 | 3 | 2 | 3 | 2 | 22 |
| തൃശ്ശൂർ | 1 | 2 | 6 | 3 | 3 | 2 | 0 | 2 | 19 |
| പാലക്കാട് | 1 | 5 | 2 | 7 | 3 | 2 | 0 | 2 | 22 |
| കോഴിക്കോട് | 1 | 2 | 3 | 6 | 3 | 2 | 2 | 2 | 21 |
| തലശ്ശേരി | 1 | 2 | 6 | 3 | 3 | 2 | 0 | 2 | 19 |
| ആകെ | 11 | 25 | 50 | 49 | 33 | 22 | 9 | 22 | 221 |

ii) തഹസീൽദാർ ആർ. ആർ. നെടുമങ്ങാട്, തഹസീൽദാർ ആർ. ആർ. നെയ്യാറ്റിൻകര, തഹസീൽദാർ ആർ. ആർ. പത്തനംതിട്ട, ആർ. ആർ ഓഫീസ്, പാല, ആർ. ആർ. ഓഫീസ് അമ്പലവയൽ, തഹസീൽദാർ ആർ. ആർ വടകര, തഹസീൽദാർ ആർ. ആർ. കാസർഗോഡ്, തഹസീൽദാർ ആർ. ആർ. ആലുവ എന്നീ 8 റവന്യൂ റിക്കവറി ഓഫീസുകളിലെ 167 താല്ക്കാലിക തസ്തികകൾ

| ഓഫീസിന്റെ പേര് | തസ്തിക | | | | | | | |
|---|---|---|---|---|---|---|---|---|
| | തഹസിൽദാർ | ഡെപ്യൂട്ടി തഹസിൽദാർ | സീനിയർ ക്ലാർക്ക്/ ക്ലാർക്ക് | ടൈപ്പിസ്റ്റ് | അറ്റൻഡർ | ഒ. എ. | പി. റ്റി .എസ്. | ആകെ |
| തഹസീൽദാർ (ആർ. ആർ.) | 1 | 5 | 8 | 1 | 1 | 4 | 1 | 21 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നെടുമങ്ങാട് | | | | | | | | |
| തഹസീൽദാർ (ആർ. ആർ.) നെയ്യാറ്റിൻകര | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| തഹസീൽദാർ (ആർ. ആർ.) പത്തനംതിട്ട | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| ആർ.ആർ. ഓഫീസ്, പാല | 1 | 5 | 8 | 1 | 1 | 4 | – | 20 |
| ആർ. ആർ. ഓഫീസ്, അമ്പലവയൽ (വയനാട്) | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| തഹസീൽദാർ (ആർ. ആർ.) വടകര | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| തഹസീൽദാർ ( ആർ. ആർ. ) കാസർഗോഡ് | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| തഹസീൽദാർ (ആർ. ആർ.) ആലുവ | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| ആകെ | 8 | 40 | 64 | 8 | 8 | 32 | 7 | 167 |

iii) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിലെ 5 താല്ക്കാലിക തസ്തികകൾ

| തസ്തിക | എണ്ണം |
|---|---|
| സീനിയർ സൂപ്രണ്ട് | 1 |

| | |
|---|---|
| ജൂനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 2 |
| അറ്റൻഡർ | 1 |
| ആകെ | 5 |

iv) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ നൈറ്റ് വാച്ച്മാന്റെ 4 താല്ക്കാലിക തസ്തികകൾ

3) സർക്കാർ സർക്കാരിതര ധനകാര്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നതും സർക്കാർ ഖജനാവിലേയ്ക്ക് നിർണ്ണായക സംഭാവന നൽകുന്നതുമായ റവന്യൂ റിക്കവറി കാര്യക്ഷമമായി നടത്തുന്നതിനായി റവന്യൂ റിക്കവറി യൂണിറ്റ് നിലനിർത്തേണ്ടത് അനിവാര്യമാണ്. സർക്കാർ ഇനങ്ങളിൽ ഭീമമായ തുകകൾ പിരിക്കാൻ അവശേഷിക്കുന്നതിനാൽ കുടിശ്ശിക ഈടാക്കുന്നതിലേയ്ക്കായി റവന്യൂ റിക്കവറി ഓഫീസുകൾക്ക് തുടർച്ചാനുമതി ലഭിക്കേണ്ടതും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നൈറ്റ് വാച്ച്മാന്റെ 4 തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടതും അത്യന്താപേക്ഷിതമാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ 28.06.2023 ലെ സ.ഉ.(കൈ)നം.150/2023/ആർ.ഡി. പ്രകാരം 31.03.2024 വരെ തുടർച്ചാനുമതി നൽകിയിട്ടുള്ള മേല്പറഞ്ഞ 397 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ രണ്ട് വർഷത്തേയ്ക്ക് കൂടി തുടർച്ചാനുമതി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വിശദമായ ഒരു പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി. കൂടാതെ 07.10.2021 ലെ സ.ഉ.(കൈ)നം. 189/2021/റവ പ്രകാരം, 31.03.2024 ന് പ്രവർത്തനം അവസാനിപ്പിക്കുവാൻ ഉത്തരവായിട്ടുള്ള വയനാട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) & സ്പെഷ്യൽ ലാൻഡ് ട്രിബ്യൂണൽ ഓഫീസിലെ 21 തസ്തികകളിൽ നിലവിലുള്ള 19 തസ്തികകൾ വയനാട് ജില്ലാ റവന്യൂ വിഭാഗത്തിൽ നിലനിർത്തണമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിച്ചിരുന്നു.

4) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"റവന്യൂ വകുപ്പിന് കീഴിലെ വിവിധ യൂണിറ്റുകളിലെ താത്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ തുടർച്ചാനുമതി നല്കുന്ന ശിപാർശയിന്മേൽ ചുവടെ ചേർക്കും വിധം ഭരണവകുപ്പിനെ അറിയിക്കുന്നു;

1. തിരുവനന്തപുരം, കൊല്ലം, അമ്പലപ്പുഴ, കോട്ടയം, നെടുങ്കണ്ടം, കൊച്ചി, കണയന്നൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി എന്നീ 11 സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 221 താല്കാലിക തസ്തികകൾക്കു 01.04.2024 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നു.

2. തഹസീൽദാർ ആർ. ആർ. നെടുമങ്ങാട്, തഹസീൽദാർ ആർ. ആർ. നെയ്യാറ്റിൻകര, തഹസീൽദാർ ആർ. ആർ. പത്തനംതിട്ട, ആർ. ആർ ഓഫീസ് പാല, ആർ. ആർ. ഓഫീസ് അമ്പലവയൽ, തഹസീൽദാർ ആർ. ആർ വടകര, തഹസീൽദാർ ആർ. ആർ. കാസർഗോഡ്, തഹസീൽദാർ ആർ. ആർ. ആലുവ എന്നീ 8 റവന്യൂ റിക്കവറി ഓഫീസുകളിലെ 167 താല്കാലിക തസ്തികകൾക്കു 01.04.2024 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നു.

3. റവന്യൂ വകുപ്പിന്റെ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതും അത് സംബന്ധിയായി പഠനം നടത്തുന്നതുമാണ് റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിന്റെ ചുമതല. ഇത്തരമൊരു ആവശ്യത്തിന് മാത്രമായി ഒരു സെക്ഷൻ താത്കാലിക അടിസ്ഥാനത്തിൽ തുടരേണ്ടതില്ല. അതിനാൽ 31/03/2024 തീയതിക്ക് ശേഷം റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിലെ അഞ്ച് താത്ക്കാലിക തസ്തികകൾക്കു തുടർച്ചാനുമതി നല്കാൻ കഴിയില്ല.

4. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 4 നൈറ്റ് വാച്ച്മാൻ തസ്തികകൾ അനിവാര്യമായതിനാൽ ഈ തസ്തികകൾക്ക് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നു.

5. ഒരു പ്രത്യേക ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ആരംഭിച്ച ഓഫീസ് ലക്ഷ്യം പൂർത്തികരിച്ചതിന് ശേഷവും അനന്തമായി തുടരുന്നത് കടുത്ത സാമ്പത്തിക ഞെരുക്കം നേരിടുന്ന നിലവിലെ സാഹചര്യത്തിൽ അംഗീകരിക്കാൻ കഴിയില്ല. അതിനാൽ വയനാട് സ്പെഷ്യൽ ഡെ. കളക്ടർ(എൽ.ആർ) & സ്പെഷ്യൽ ലാൻഡ് ട്രിബ്യൂണൽ ഓഫീസിലെ നിലവിലുള്ള 19 തസ്തികകളും 31/03/2024 തിയ്യതി പ്രാബല്യത്തിൽ പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണ്."

5) ധനകാര്യ വകുപ്പ് തുടർച്ചാനുമതി നിഷേധിച്ചിട്ടുള്ള ഓഫീസുകളിൽ വയനാട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) & സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണൽ

ഓഫീസിന്റെ പ്രവർത്തനം 31.03.2024 ന് അവസാനിപ്പിക്കുവാൻ 07/10/2021 ലെ സ.ഉ.(കൈ)നം.189/2021/റവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

6) ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ റിസർച്ച് ആൻഡ് ഡെവലപ്മെൻറ് വിങ്ങിലെ താല്ക്കാലിക തസ്തികകൾ (എൽ.ആർ.എം. സെക്ഷൻ) നിലനിർത്തേണ്ട ആവശ്യകത സംബന്ധിച്ച് കമ്മീഷണർ ചുവടെ പറയും പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

"റിസർച്ച് ആൻഡ് ഡെവലപ്മെൻറ് വിങ്ങ് മുഖേനയാണ് സർക്കാരിന്റെ ധാരാളം ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനും ജനങ്ങളിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്. ടി വിഭാഗത്തിലെ അഞ്ച് സീറ്റുകളിലായി പ്ലാൻ ഫണ്ട് വിനിയോഗിച്ച് റവന്യൂ ഓഫീസുകളുടെ നിർമ്മാണം, നവീകരണം, ആധുനീകവത്ക്കരണം, റീ ബിൽഡ് കേരള മുഖേനയുള്ള നിർമ്മാണം, നവീകരണം, സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം, പൈതൃക മന്ദിരങ്ങളുടെ സംരക്ഷണം, കളക്ടറേറ്റ് കോൺഫറൻസ്, എം.പി.മാരുടെ സമ്മേളനം, വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷണൽ ഓഫീസ്, പുതിയ ജില്ലകൾ എന്നിവയുടെ രൂപീകരണം, ഹരിത കേരളം, ഗ്രൂപ്പ് വില്ലേജ് വിഭജനം, ഐ.എൽ.ഡി.എം. ലെ വിവിധ ട്രെയിനിംഗ്, ആന്വൽ പ്ലാൻ പ്രൊപ്പോസൽ, ഗവർണേഴ്സ് സ്പീച്ച്, ബഡ്ജറ്റ് സ്പീച്ച് തുടങ്ങിയ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്ത് വരുന്നു".

7) മേൽ സാഹചര്യത്തിലും പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നത്, സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം, പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി പരമപ്രധാനമായ പ്രവർത്തനങ്ങളെ ബാധിക്കുമെന്നുള്ളതിനാലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിലെ 5 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകാവുന്നതും, കൂടാതെ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ള 11 സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 221 താല്ക്കാലിക തസ്തികകൾക്കും, 8 തഹസിൽദാർ റവന്യൂ റിക്കവറി ഓഫീസുകളിലെ 167 താല്ക്കാലിക തസ്തികകൾക്കും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ നൈറ്റ് വാച്ച്മാന്റെ 4 താല്ക്കാലിക തസ്തികകൾക്കും 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകാവുന്നതുമാണ്.

8) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനമെടുക്കേണ്ട വിഷയം

i) ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ള ഈ കുറിപ്പിലെ രണ്ടാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തിരുവനന്തപുരം, കൊല്ലം, അമ്പലപ്പുഴ, കോട്ടയം, നെടുങ്കണ്ടം, കൊച്ചി, കണയന്നൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി എന്നീ 11 സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 221 താല്ക്കാലിക തസ്തികകൾ, നെടുമങ്ങാട്, നെയ്യാറ്റിൻകര, പത്തനംതിട്ട, പാല, അമ്പലവയൽ, വടകര, കാസർഗോഡ്, ആലുവ എന്നീ 8 തഹസിൽദാർ റവന്യൂ റിക്കവറി ഓഫീസുകളിലെ 167 താല്ക്കാലിക തസ്തികകൾ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ നൈറ്റ് വാച്ച്മാന്റെ 4 താല്ക്കാലിക തസ്തികകൾ ഉൾപ്പെടെ മൊത്തം 392 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകാമോ;

ii) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ഈ കുറിപ്പിലെ രണ്ടാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിലെ അഞ്ച് താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകാമോ ?

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
**NOTE FOR COUNCIL OF MINISTERS**

| | | |
|---|---|---|
| 1. | File Number | REV-T2/40/2024-REV |
| 2. | Department | REVENUE (T) DEPARTMENT |
| 3. | Subject | Continuance sanction for the 397 temporary posts in various offices, under the control of the Land Revenue Department for one year with effect from 01.04.2024 - reg |
| 4. | Date of Chief Minister order for placing before the Council | 15.05.2024 |
| 5. | (i)Does the case involve financial commitments/implications | Yes |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7. | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8. | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9. | Date of Approval of the Draft Note for the Council by the Principal Secretary | 23.05.2024 |
| 10. | Name of Chief Secretary who approved the Draft Note | Dr. Venu V. |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 23.05.2024 |
| 12. | Name of Minister who approved the Draft Note | Sri. K. Rajan |
| 13. | Date of approval of the Draft Note for the Council by the Minister | 23.05.2024 |
| 14. | Date of submission of fair copies | 23.05.2024 |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./ letter communicating the decision. | |

## NOTE FOR COUNCIL OF MINISTERS

This note deals with according continuance sanction to 397 temporary posts in various offices, which have been functioning on continuance sanction under the control of the Land Revenue Department for various purposes, for a further period of one year with effect from 01.04.2024.

2) As per G.O.(Ms)No.150/2023/R.D dated 28.06.2023 continuance sanction was granted for 221 temporary posts in 11 Special Revenue Recovery offices at Thiruvananthapuram, Kollam, Ambalapuzha, Kottayam, Nedumkandam, Kochi, Kanayannur, Thrissur, Palakkad, Kozhikode and Thalassery and 167 temporary posts in 8 Tahsildar Revenue Recovery Offices at Nedumangad, Neyyattinkara, Pathanamthitta, Pala, Ambalavayal, Vadakara, Kasaragod and Aluva from 01.04.2023 to 31.03.2024 and also for 4 temporary posts of Night Watchman and 5 posts in Research & Development Wing in Land Revenue Commissionerate from 01.04.2022 to 31.03.2024. The details of the 397 temporary posts in the above offices, which are functioning on continuance sanction are as follows.

**<u>i) 221 temporary posts in 11 Special Revenue Recovery Offices at Thiruvananthapuram, Kollam, Ambalapuzha, Kottayam, Nedunkandam, Kochi, Kanayannur, Thrissur, Palakkad, Kozhikode and Thalassery</u>**

| | Tahsildar | Deputy Tahsildar<br><br>Junior Superintendent | V.O/ H.C /R.I. | Senior Clerk/ S.V.O. | Clerk /V.A. | Typist | V.F.A. | O.A. | Total |
|---|---|---|---|---|---|---|---|---|---|
| Thiruvananthapuram | 1 | 2 | 6 | 3 | 3 | 2 | 2 | 2 | 21 |
| Kollam | 1 | 2 | 6 | 3 | 3 | 2 | 2 | 2 | 21 |
| Ambalapuzha | 1 | 2 | 3 | 6 | 3 | 2 | 0 | 2 | 19 |
| Kottayam | 1 | 2 | 3 | 6 | 3 | 2 | 0 | 2 | 19 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Nedumkandam | 1 | 2 | 3 | 6 | 3 | 2 | 0 | 2 | 19 |
| Kochi | 1 | 2 | 6 | 3 | 3 | 2 | 0 | 2 | 19 |
| Kanayannur | 1 | 2 | 6 | 3 | 3 | 2 | 3 | 2 | 22 |
| Thrissur | 1 | 2 | 6 | 3 | 3 | 2 | 0 | 2 | 19 |
| Palakkad | 1 | 5 | 2 | 7 | 3 | 2 | 0 | 2 | 22 |
| Kozhikode | 1 | 2 | 3 | 6 | 3 | 2 | 2 | 2 | 21 |
| Thalassery | 1 | 2 | 6 | 3 | 3 | 2 | 0 | 2 | 19 |
| Total | 11 | 25 | 50 | 49 | 33 | 22 | 9 | 22 | 221 |

**ii) 167 Temporary Posts in 8 Revenue Recovery Offices ( Tahsildar R. R. Nedumangad, Tahsildar R. R. Neyyatinkara, Tahsildar R. R. Pathanamthitta, R. R. Office, Pala, R. R. Office Ambalavayal, Tahsildar R. R. Vadakara, Tahsildar R. R. Kasargod, Tahsildar R. R., Aluva)**

| Name of Office | Post | | | | | | | |
|---|---|---|---|---|---|---|---|---|
| | Tahsildar | Deputy Tahsildar | Senior Clerk/ Clerk | Typist | Attender | O.A. | P.T.S. | Total |
| Tahsildar (R.R.) Nedumangadu | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| Tahsildar (R.R.) Neyyattinkara | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| Tahsildar (R.R.) Pathanamthitta | 1 | 5 | 8 | 1 | 1 | 4 | 1 | 21 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| R.R. Office Pala | 1 | 5 | 8 | 1 | 1 | 4 | - | 20 |
| R.R. Office Ambalavayal (Wayanad) | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| Tahsildar (R.R.) Vadakara | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| Tahsildar (R.R. ) Kasaragod | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| Tahsildar (R.R.) Aluva | 1 | 5 | 8 | 1 | 1 | 4 | 1 | 21 |
| Total | 8 | 40 | 64 | 8 | 8 | 32 | 7 | 167 |

**iii) 5 temporary posts at Research & Development Wing in the Land Revenue Commissionerate**

| Name of Post | Number of Post |
|---|---|
| Senior Superintendent | 1 |
| Junior Superintendent | 1 |
| Clerk | 2 |
| Attender | 1 |
| Total | 5 |

**iv) 4 temporary posts of Night Watchman in the Land Revenue Commissionerate.**

3) The Land Revenue Commissioner has reported that it is essential to retain the Revenue Recovery Unit for carrying out the revenue recovery activities efficiently, which plays a vital role for Government as well as non Government financial institutions and which contributes significantly to the Government exchequer. He has further reported that continuance sanction for the Revenue Recovery offices is inevitable for recovering the said arrears since huge amounts are to be collected under the Government items and making 4 posts of Night Watchman as permanent ones is also essential inorder to ensure the security of the Land Revenue Commissionerate. The Commissioner of Land Revenue has therefore submitted a proposal seeking continuance sanction for the aforesaid 397 temporary posts, which have been granted continuance sanction up to 31.03.2024 vide G.O.(Ms)No.150/2023/RD dated 28.06.2023, for a further period of two years from 01.04.2024. He had also requested to retain the existing 19 posts out of the 21 posts of Wayanad Special Deputy Collector (LR) & Special Land Tribunal Office, which was ordered to cease functioning with effect from 31.03.2024 vide GO(Ms)No.189/2021/RD dated 07.10.2021.

4) In this regard, the Finance Department has opined as follows:

"റവന്യൂ വകുപ്പിന് കീഴിലെ വിവിധ യൂണിറ്റുകളിലെ താത്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ തുടർച്ചാനുമതി നല്കുന്ന ശിപാർശയിന്മേൽ ചുവടെ ചേർക്കും വിധം ഭരണവകുപ്പിനെ അറിയിക്കുന്നു;

1. തിരുവനന്തപുരം, കൊല്ലം, അമ്പലപ്പുഴ, കോട്ടയം, നെടുങ്കണ്ടം, കൊച്ചി, കണയന്നൂർ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, തലശ്ശേരി എന്നീ 11 സ്പെഷ്യൽ റവന്യൂ റിക്കവറി ഓഫീസുകളിലെ 221 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നു.

2. തഹസീൽദാർ ആർ. ആർ. നെടുമങ്ങാട്, തഹസീൽദാർ ആർ. ആർ. നെയ്യാറ്റിൻകര, തഹസീൽദാർ ആർ. ആർ. പത്തനംതിട്ട, ആർ. ആർ ഓഫീസ് പാല, ആർ. ആർ. ഓഫീസ് അമ്പലവയൽ, തഹസീൽദാർ ആർ. ആർ വടകര, തഹസീൽദാർ ആർ. ആർ. കാസർഗോഡ്, തഹസീൽദാർ ആർ. ആർ. ആലുവ എന്നീ 8 റവന്യൂ റിക്കവറി ഓഫീസുകളിലെ 167 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകുന്നു.

3. റവന്യൂ വകുപ്പിന്റെ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതും അത് സംബന്ധിയായി പഠനം നടത്തുന്നതുമാണ് റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിന്റെ ചുമതല. ഇത്തരമൊരു ആവശ്യത്തിന് മാത്രമായി ഒരു സെക്ഷൻ താത്കാലിക അടിസ്ഥാനത്തിൽ തുടരേണ്ടതില്ല. അതിനാൽ

31/03/2024 തീയതിക്ക് ശേഷം റിസർച്ച് & ഡവലപ്മെന്റ് വിഭാഗത്തിലെ അഞ്ച് താത്ക്കാലിക തസ്തികകൾക്കു തുടർച്ചാനുമതി നല്കാൻ കഴിയില്ല.

4. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 4 നൈറ്റ് വാച്ച്മാൻ തസ്തികകൾ അനിവാര്യമായതിനാൽ ഈ തസ്തികകൾക്ക് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നു.

5. ഒരു പ്രത്യേക ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ആരംഭിച്ച ഓഫീസ് ലക്ഷ്യം പൂർത്തികരിച്ചതിന് ശേഷവും അനന്തമായി തുടരുന്നത് കടുത്ത സാമ്പത്തിക ഞെരുക്കം നേരിടുന്ന നിലവിലെ സാഹചര്യത്തിൽ അംഗീകരിക്കാൻ കഴിയില്ല. അതിനാൽ വയനാട് സ്പെഷ്യൽ ഡെ. കളക്ടർ(എൽ.ആർ) & സ്പെഷ്യൽ ലാൻഡ് ട്രിബ്യൂണൽ ഓഫീസിലെ നിലവിലുള്ള 19 തസ്തികകളും 31/03/2024 തിയ്യതി പ്രാബല്യത്തിൽ പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണ്."

5) Among the offices to which sanction was denied by the Finance Department, the functioning of the Wayanad Special Deputy Collector (LR) & Special Land Tribunal Office has already been ordered to cease on 31.03.2024 vide G.O.(Ms)No.189/2021/RD dated 07/10/2021.

6) The Land Revenue Commissioner has reported as follows regarding the necessity to retain the Research and Development Wing (LRM Section) in the Land Revenue Commissionerate.

" Steps are being taken through Research and Development Wing (LR M Section) to implement a lot of welfare schemes of the Government and bringing awareness among the people about the said measures. Construction, Renovation, Modernization of Revenue Offices by utilizing plan funds, Construction and Renovation works through Rebuild Kerala, Construction of Smart Village Offices, Preservation of Heritage Buildings, Collectorate Conference, M.P.'s Conference, formation of Village, Taluk, Revenue Divisional Offices and New Districts. Haritha Kerala, Bifurcation of Group Villages, various trainings at ILDM, Annual Plan Proposal, Governor's speech, Budget speech etc. are the various subjects being dealt with in the 5 seats of the said wing."

7) In the circumstance since the abolition of the said posts will affect the important works viz. construction of smart Village Offices and other construction activities by using plan funds, continuance sanction may be granted to the 5 posts of Research & Development Wing in Land Revenue Commissionerate by overruling the remarks of Finance Department for a further period of one year from 01.04.2024. Continuance sanction may also be granted to the 221 temporary posts in 11 Special Revenue Recovery Offices, 167 temporary posts in 8 Revenue Recovery Offices and 4 posts of Night Watchmen in Land Revenue Commissionerate as agreed by the Finance Department, for a further period of 1 year from 01.04.2024.

8) The Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Points for Decision**

(i) Whether sanction may be accorded for the continuance of a total of 392 temporary posts including 221 temporary posts in the 11 Special Revenue Recovery Offices at Thiruvananthapuram, Kollam, Ambalapuzha, Kottayam, Nedunkandam, Kochi, Kanayannoor, Thrissur, Palakkad, Kozhikode and Thalassery , 167 temporary posts in 8 Tahsildar Revenue Recovery Offices at Nedumangad, Neyyattinkara, Pathanamthitta, Pala, Ambalavayal, Vadakara, Kasargod and Aluva mentioned in Para 2 of this note and 4 temporary posts of Night Watchman in the Land Revenue Commissionerate for one more year from 01.04.2024, as agreed by the Finance Department;

(ii) Whether sanction may be accorded for the continuance of five temporary posts at Research & Development Wing in Land Revenue Commissionerate mentioned in Para 2 of this note for one more year from 01.04.2024 by overruling the opinion of the Finance Department ?